**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 552** | **09-06-2021 - ൽ മറുപടിയ്ക്ക്**

**വരടിമല ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri K. Radhakrishnan (പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിലെ ഫാമിംഗ് സൊസൈറ്റിയുടെ കീഴിലുള്ള വരടിമല ഫാമിൽ എത്ര ആദിവാസി കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചത്; | (എ) | 120 കുടുംബങ്ങളെയാണ് വരടിമല ഫാമിൽ പുനരധിവസിപ്പിച്ചത്. അന്ന് ഇവർക്ക് വീട്, തൊഴിൽ, ഇവരുടെ കുട്ടികൾക്ക് വേണ്ടി നഴ്സറി സ്കൂൾ, ചിണ്ടക്കിയിൽ ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരുന്നു. മേൽപറഞ്ഞ പ്രകാരം 120 കുടുംബങ്ങൾക്ക് 120 വീടുകൾ പണിതിട്ടുണ്ടായിരുന്നു. വരടിമല ഉൾപ്പെടെ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും കൂടി പുനരധിവാസത്തിനായി ചെലവഴിച്ച തുകയിനത്തിൽ, 50,90,828/- രൂപ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളുടെയും പ്രവർത്തനത്തിനുള്ള വർക്കിംഗ് മൂലധനമായും കൂടാതെ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുമുള്ള 5,99,962.95 രൂപയും ആണ് പുനരധിവാസ സമയത്ത് ചെലവാക്കിയ തുക. |
| (ബി) | ഇവർക്കായി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിരുന്നത്; ഇതിനായി എത്ര തുകയാണ് സർക്കാർ ചെലവഴിച്ചത്; | (ബി) | 120 കുടുംബങ്ങളെയാണ് വരടിമല ഫാമിൽ പുനരധിവസിപ്പിച്ചത്. അന്ന് ഇവർക്ക് വീട്, തൊഴിൽ, ഇവരുടെ കുട്ടികൾക്ക് വേണ്ടി നഴ്സറി സ്കൂൾ, ചിണ്ടക്കിയിൽ ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരുന്നു. മേൽപറഞ്ഞ പ്രകാരം 120 കുടുംബങ്ങൾക്ക് 120 വീടുകൾ പണിതിട്ടുണ്ടായിരുന്നു. വരടിമല ഉൾപ്പെടെ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും കൂടി പുനരധിവാസത്തിനായി ചെലവഴിച്ച തുകയിനത്തിൽ, 50,90,828/- രൂപ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളുടെയും പ്രവർത്തനത്തിനുള്ള വർക്കിംഗ് മൂലധനമായും കൂടാതെ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുമുള്ള 5,99,962.95 രൂപയും ആണ് പുനരധിവാസ സമയത്ത് ചെലവാക്കിയ തുക. |
| (സി) | വരടിമലയിൽ ആദിവാസികൾക്കായി എന്തെല്ലാം | (സി) | സംഘത്തിന് സർക്കാരിൽ നിന്നും അനുവദിച്ച |

| | | | |
|---|---|---|---|
| | കൃഷികളാണ് നടത്തിയത്; ഓരോന്നും എത്ര ഏക്കർ വീതമെന്ന് വ്യക്തമാക്കുമോ; | | ലഭ്യമായ 290 ഹെക്ടർ സ്ഥലത്ത് 72 ഹെക്ടർ സ്ഥലം ഏലം കൃഷിയും 30 ഹെക്ടർ സ്ഥലത്ത് കാപ്പി കൃഷിയും ചെയ്തുവരുന്നു. |
| (ഡി) | നിലവിൽ ഇവിടെ എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | നിലവിൽ വരടിമല ഫാമിൽ കുടുംബങ്ങൾ ആരും സ്ഥിര താമസം ഇല്ല. |
| (ഇ) | പ്രസ്തുത ഫാം ഇപ്പോൾ തകർച്ചയിലാണോ; തകർച്ചയുടെ കാരണങ്ങൾ എന്തൊക്കെയാണ് ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടക്കുകയുണ്ടായോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | സംഘം തകർച്ചയിൽ ആയിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ ആരംഭിച്ച ടി സ്ഥാപനം മെമ്പർമാർക്കും, അവരുടെ ആശ്രിതർക്കും, കൂടാതെ അട്ടപ്പാടിയുടെ വിവിധ ഭാഗങ്ങളിലുള്ള പട്ടികവർഗ്ഗക്കാർക്കും ഇപ്പോഴും തൊഴിൽ നൽകിവരുന്നു. സംഘത്തിന്റെ തനത് വരുമാനത്തിന് പുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായം ലഭ്യമാകുന്നു. |
| (എഫ്) | ഫാമിന്റെ ഭൂമി സർക്കാർ പാട്ടത്തിന് നൽകുകയുണ്ടായോ; ആരാണ് ഇതു സംബന്ധിച്ച തീരുമാനം എടുത്തത്; | (എഫ്) | സംഘത്തിന്റെ ഫാം ഭൂമി സർക്കാർ ആർക്കും പാട്ടത്തിന് നൽകിയിട്ടില്ല. |
| (ജി) | പ്രസ്തുത പാട്ടക്കരാർ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടക്കുകയുണ്ടായോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ? | (ജി) | സംഘത്തിന്റെ ഫാം ഭൂമി സർക്കാർ ആർക്കും പാട്ടത്തിന് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ